# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 1893 — 19-06-2012-ൽ മറുപടിക്ക്

## വൈദ്യുതി നിരക്കിലെ കാലോചിതമായ വർദ്ധന

**ചോദ്യം** — **ഉത്തരം**

ശ്രീ. സി. ദിവാകരൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. പി. തിലോത്തമൻ.

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി നിരക്ക് കാലോചിതമായി വർദ്ധിപ്പിക്കണമെന്ന വൈദ്യുതി ബോർഡിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വർഷം എത്ര ശതമാനം വർദ്ധനയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വൈദ്യുതി ബോർഡിന്റെ വരവ്-ചെലവ് കണക്ക് പരിശോധിച്ച് 2012-13 ലേയ്ക്ക് 1889.15 കോടി രൂപ വരുമാന കമ്മിയായി കമ്മീഷൻ നിജപ്പെടുത്തിവിട്ടുണ്ട്. കൂടാതെ 2011-12 വർഷത്തിൽ 928.62 കോടി രൂപയും, 2010-11 വർഷത്തേയ്ക്ക് 457.48 കോടി രൂപയും, 2009-10 വർഷത്തേവക്ക് 335.30 കോടി രൂപയും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വരുമാന കമ്മിയായി അംഗീകരിച്ചിട്ടുണ്ട്. ഈ വരുമാന കമ്മിയും ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്ത് ഏകദേശം 1546.40 കോടി രൂപ, താരിഫ് വർദ്ധനയിലൂടെ 2012-13 വർഷം സമാഹരിക്കുന്നതിനുള്ള നിർദ്ദേശം വൈദ്യുതി ബോർഡ് 30.03.2012-ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ശരാശരി 10 ശതമാനം മുതൽ 30 ശതമാനം വരെ വർദ്ധനവിനാണ് ബോർഡ് സമർപ്പിച്ച താരിഫ് പെറ്റീഷൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു തീരുമാനവുംകൈക്കൊണ്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ഈ വർദ്ധനവിലൂടെ ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഒരു മാസം എന്തു തുക വൈദ്യുതി ബോർഡിന് പിരിച്ചെടുക്കുവാൻ കഴിയുമെന്ന് വെളി പ്പെടുത്തുമോ; | (ബി) | പ്രസ്തുത നിർദ്ദേശം വഴി ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് പ്രതിമാസം 55.97 കോടി രൂപ അധികമായി സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനയിലൂടെ ഉണ്ടാകുന്ന ഭാരം കുറയ്ക്കാൻ ഗവൺമെൻറ് സബ്സിഡി നൽകാൻ സാദ്ധ്യതയുണ്ടോ; | (സി) | ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 65 പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരീഫ് നിർണയി ച്ചതിന് ശേഷം മാത്രമേ ഗവൺമെൻറ് സബ്സിഡി നൽകേണ്ടതുള്ളു. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പീക് അവറിൽ അധികചാർജ്ജ് വേണമെന്ന ആവശ്യത്തിന്മേലുള്ള അഭിപ്രായം എന്താണെന്ന് വെളി പ്പെടുത്തുമോ? | (ഡി) | സംസ്ഥാനത്ത് വൈദ്യുതി ഉപഭോ ക്താക്കളിൽ 79 ശതമാനവും ഗാർഹിക ഉപഭോക്താക്കളാണ്. മൊത്തം ഉപഭോഗത്തിൻെറ ഏകദേശം 49 ശതമാനവും ഉപയോഗിക്കുന്നത് ഗാർഹി ഉപഭോക്താക്കളാണ്. കൂടാതെ, സംസ്ഥാ നത്തിലെ പീക്ക് ലോഡ് സമയത്തെ ഉപ ഭോഗം, മറ്റ് സമയത്തെ ഉപഭോ ഗത്തെക്കാൾ വളരെ കൂടുതലാണ്. പീക്ക് ലോഡ് സമയത്തെ [illegible] വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കു ന്നതിന് വേണ്ടി 10KW കണക്ടഡ് ലോഡിൽ കൂടുതലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ടി.ഒ.ഡി താരിഫ് (വൈദ്യുതി ഉപയോഗിക്കുന്ന സമയത്തിന് അനുസൃതമായിട്ടുള്ള താ രിഫ്) ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേ ശവും കമ്മീഷൻെറ നിർദ്ദേശപ്രകാരം കമ്മീഷനു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ. |